145 (702) തൊഴിൽക്കരം

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തൊഴിൽക്കരത്തിന്റെ തോതെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിമാസം എത്ര രൂപവരെ ശമ്പളം പറ്റുന്നവരെയാണ് തൊഴിൽക്കരത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്;

(സി) ഗവൺമെന്റ്, അർദ്ധഗവൺമെന്റ്, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയിലെ ഏതെല്ലാം ഗണത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ജീവനക്കാർക്കും തൊഴിൽക്കരം നൽകുന്നതിൽനിന്നും ഒഴിവു കിട്ടുമെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിശ്ചയിക്കുന്നത്. മുനിസിപ്പൽ പ്രദേശത്ത് അർദ്ധ വർഷം 3,600/- രൂപവരെയും വരുമാനമുള്ളവരെ തൊഴിൽക്കരം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) അന്ധരേയും 40 ശതമാനത്തിനുമേൽ അംഗവൈകല്യമുള്ളവരേയും തൊഴിൽക്കരം നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

146 (703) നികുതികൾ പിരിച്ചെടുക്കാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ അധികാരപരിധിയിൽപ്പെടുന്ന കെട്ടിട നികുതികൾ ഉൾപ്പെടെയുള്ള നികുതികൾ പിരിച്ചെടുക്കുന്നതിൽ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ:

(സി) മുൻകാലങ്ങളിൽ നൂറ് ശതമാനം നികുതി പിരിച്ചെടുക്കുവാൻ നടത്തിയിരുന്ന കാര്യക്ഷമമായ പ്രവർത്തനം തുടർന്നും നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിർദ്ദേശം നൽകിവരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly